# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6153 — 02/04/2018-ൽ മറുപടിക്ക്

## പൊരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ജല വൈദ്യുത പദ്ധതികളായ പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | (1) പൊരിങ്ങൽകുത്ത് പവർ ഹൗസിലെ ആകെ 4 മെഷീനുകളിൽ, നമ്പർ 2 മെഷീൻ ഒഴികെ എല്ലാ മെഷീനുകളും പ്രവർത്തന സജ്ജമാണ്. നമ്പർ 2 മെഷീന്റെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പെൻസ്റ്റോക്ക് നവീകരണ പ്രവർത്തനങ്ങൾ 2018 മാർച്ച് 31-ാം തീയതിക്കകം തീരുന്നതാണ്.<br>കൂടാതെ പൊരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷന്റെ 16 മെഗാവാട്ടിന്റെ ഒരു ജനറേറ്റർ കൂടി പ്രവർത്തന സജ്ജമാണ്.<br>(2) ഷോളയാർ പവർ ഹൗസിലെ ആകെ 3 മെഷീനുകളിൽ, നമ്പർ 3 മെഷീൻ ഒഴികെ ബാക്കിയെല്ലാം പ്രവർത്തനക്ഷമമാണ് . നമ്പർ 3 മെഷീൻ റെനോവേഷൻ ആൻഡ് മോഡേണൈസേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിസ്മാന്റിൽ ചെയ്തിരിക്കുകയാണ്. വർക്ക് പുരോഗതിയുടെ പാതയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതികളിലെ എല്ലാ ജനറേറ്ററുകളും പ്രവർത്തനക്ഷമമാണോയെന്നറിയിക്കാമോ; | (ബി) | (1) പൊരിങ്ങൽകുത്ത് പവർ ഹൗസിലെ ആകെ 4 മെഷീനുകളിൽ, ഒരു മെഷീൻ ഒഴികെ എല്ലാമെഷീനുകളും പ്രവർത്തനക്ഷമമാണ്. കൂടാതെ പൊരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷന്റെ 16 മെഗാവാട്ടിന്റെ ഒരു ജനറേറ്റർ കൂടി പ്രവർത്തന സജ്ജമാണ്.<br>(2) ഷോളയാർ പവർ ഹൗസിലെ ആകെ 3 മെഷീനുകളിൽ, ഒരു മെഷീൻ ഒഴികെ ബാക്കിയെല്ലാം പ്രവർത്തനക്ഷമമാണ്. |

| | | | |
|---|---|---|---|
| (സി) | ചാലക്കുടിപ്പുഴയുടെ നീരൊഴുക്ക് കുറയാത്ത തരത്തിൽ പകലും രാത്രിയുമായി ഉത്പാദനം ക്രമീകരിച്ച് വെള്ളം തുറന്നുവിടുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | (സി) | പൊരിങ്ങൽകുത്ത് ജനറേറ്റിംഗ് സ്റ്റേഷനിൽ നിന്നും ഉൽപ്പാദനശേഷം ലഭ്യമാകുന്ന ജലം ചാലക്കുടിപ്പുഴയിലേയ്ക്ക് തുമ്പൂർമുഴി തടയണയിൽ നിന്നും ആവശ്യാനുസരണം ജലസേചന വകുപ്പാണ് ക്രമീകരിക്കുന്നത്. ജലസേചന വകുപ്പിന്റെ ആവശ്യകത അനുസരിച്ച് വേനൽക്കാലത്ത് കൂടുതൽ ജലം ലഭ്യമാകുന്ന രീതിയിൽ ഷോളയാറിൽ നിന്നും പൊരിങ്ങൽകുത്തിൽ നിന്നും ഉള്ള ഉൽപ്പാദനം പറമ്പിക്കുളം ആളിയാർ പദ്ധതി ഉടമ്പടിക്കനുസൃതമായി ക്രമീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ